**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2889** **25-06-2024 - ൽ മറുപടിയ്ക്ക്**

**വനഭൂമി വിട്ടുനൽകിയതിന് പരിഹാരമായി വച്ചുപിടിപ്പിച്ച മരങ്ങളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മരം മുറിച്ച് മാറ്റുന്നതിന് പരിഹാരമായി 2016 മുതൽ വച്ചുപിടിപ്പിച്ച പരിഹാര വനത്തിന്റെ വിശദവിവരം ലഭ്യമാക്കാമോ; വനഭൂമി വിട്ടുനൽകിയതിന് പരിഹാരമായി വച്ചുപിടിപ്പിച്ച മരങ്ങളുടെ കണക്കും വ്യക്തമാക്കാമോ; | (എ) | വികസന ആവശ്യങ്ങൾക്ക് മുറിച്ച് മാറ്റുന്ന മരങ്ങൾക്ക് പകരമായി പത്തിരട്ടി മരങ്ങൾ വച്ചു പിടിപ്പിക്കണമെന്ന സ.ഉ(സാധാ) നം.172/2010/വനം, തീയതി 21.04.2010 സർക്കാർ ഉത്തരവിന് വിധേയമായി തിരുവനന്തപുരം, കോഴിക്കോട്, കാസർഗോഡ് എന്നീ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളുടെ മേൽ നോട്ടത്തിൽ 2016 മുതൽ 1,18,178 വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്. വനഭൂമി വിട്ടു നൽകിയതിന് പകരമായി 2016 മുതൽ വിവിധ കാലയളവിൽ 1,15,986 വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം മരങ്ങളാണ് പരിഹാരവനത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ളത്; ഇവയുടെ പരിപാലനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ച് വരുന്നത് എന്നറിയിക്കാമോ? | (ബി) | പരിഹാര വനവത്ക്കരണത്തിന്റെ ഭാഗമായി മരുതി, വേങ്ങ, ഈട്ടി, പുന്നപ്പ, നെല്ലി, തേക്ക്, പേഴ്, ഞാവൽ, ഉങ്ങ്, കണിക്കൊന്ന, കുടംപുളി, താന്നി, അശോകം, കുന്നിവാക, മുള, ഈറ, കരിമരുത്, കമ്പകം, അകിൽ, മണിമരുത്, വെള്ളപൈൻ, നീർമരുത്, മരോട്ടി, ആവൽ, കുമിഴ്, പ്ലാശ്, ദന്തപാല, പൂവരശ്, നീർവെൺതേക്ക്, കരിമരം, പൂച്ചപ്പഴം, ആര്യവേപ്പ്, ഇലിപ്പ, കറുവപ്പട്ട, ചെമ്പൂവം, പുളി, മരവിരിഞ്ഞി, പേര, പലകപ്പയ്യാന്നി, പ്ലാവ്, മാവ്, ആഞ്ഞിലി, വാക, കുവളം, പതിമുഖം, ഇലഞ്ഞി, മട്ടി, സീതപ്പഴം, മഞ്ചാടി, ലക്ഷ്മിതരു, രുദ്രാക്ഷം, മന്ദാരം, മുള്ളൻപാലി തുടങ്ങിയ തദ്ദേശീയ വൃക്ഷത്തൈകളാണ് വച്ചു പിടിപ്പിച്ചിട്ടുള്ളത്.<br><br>തോട്ടങ്ങളുടെ പരിപാലനത്തിനായി ആദ്യ മൂന്നു വർഷങ്ങളിൽ കൃത്യമായ ഇടവേളകളിൽ കാട്ടുവെട്ട് പ്രവർത്തിയും പ്ലാറ്റ്ഫോം മെയിന്റനൻസും നടത്തുന്നുണ്ട്. കൂടാതെ ഫയർസീസണിൽ കാട്ടുതീയിൽ നിന്നും പ്ലാന്റേഷനുകളുടെ സംരക്ഷണത്തിനായി ഫയർലൈനുകൾ ഒരുക്കുകയും, പരിചരണത്തിനും സംരക്ഷണത്തിനും വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ